**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** | **13-12-2022 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും വായ്പ ലഭ്യമാക്കുവാൻ കെ.എഫ്.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിത വ്യവസ്ഥകളിലും വായ്പ ലഭ്യമാക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി സംസ്ഥാന സർക്കാരിലെ പലിശ സബ്സിഡിയോടുകൂടി രണ്ട് പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.<br><br>(1) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി പ്രകാരം 2 കോടി രൂപ വരെയുള്ള വായ്പകൾ 5% പലിശ നിരക്കിൽ അനുവദിക്കുന്നു.<br><br>(2) കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് 10 കോടി രൂപ വരെയുള്ള വായ്പ 5% പലിശ നിരക്കിൽ അനുവദിക്കുന്നു. |
| (ബി) | കെ.എഫ്.സി. വഴി നടപ്പിലാക്കുന്ന, മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ; | (ബി) | ജൂലായ് 2020 ൽ ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി-I (സി.എം.ഇ.ഡി.പി) പ്രകാരം 1849 സംരംഭങ്ങൾക്കായി 54.17 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. നവംബർ 2021-ൽ ഈ പദ്ധതിയെ പുനരാവിഷ്കരിച്ച്, മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി-II പ്രകാരം 428 യൂണിറ്റുകൾക്കായി 244.71 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| (സി) | സാധാരണക്കാർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന പരമപ്രധാന ദൗത്യം നിർവ്വഹിക്കാൻ കെ.എഫ്.സി. വഴി പുതുസംരംഭങ്ങൾ കൂടുതലായി ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. കെ.എഫ്.സി വഴി കൂടുതൽ പുതുസംരംഭങ്ങൾക്ക് വായ്പ നൽകുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ സംരംഭകവികസന പദ്ധതി, കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി, സ്റ്റാർട്ട് അപ്പ് കേരളാ പദ്ധതി തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വ്യവസായ സംരംഭങ്ങൾക്ക് വായ്പകൾ അനുവദിച്ച് കെ.എഫ്.സി.യുടെ വായ്പാ ആസ്തി നിലവിലെ 6000 |

| | | | |
|---|---|---|---|
| | | | കോടി രൂപയിൽ നിന്നും, 10000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | കാർഷികോല്പാദന മേഖലയ്ക്കും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ-ചെറുകിട യന്ത്രങ്ങൾ നിർമ്മിക്കുന്ന വ്യവസായത്തിൽ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ കെ.എഫ്.സി. വഴി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എഫ്.സി. വഴി നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ്പ് കേരളാ പദ്ധതിയിൽ കാർഷികോല്പാദന മേഖലയ്ക്കും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ ചെറുകിട യന്ത്രങ്ങൾ നൂതന ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന സംരംഭങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ